**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1296** **14-03-2022 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് വാങ്ങിനൽകിയ സ്കൂൾ ബസുകൾ പ്രവർത്തനക്ഷമമാക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ലോക്ക്ഡൗണിന് ശേഷം സ്കൂളുകൾ തുറന്ന സാഹചര്യത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് വാങ്ങിയതും ദീർഘനാളുകളായി ഓടാതെ കിടന്നതുമായ സ്കൂൾ ബസ്സുകളുടെ ടാക്സ്, ഇൻഷുറൻസ്, ഫിറ്റ്നസ് തുടങ്ങിയവ പുതുക്കാത്തതിനാലും ടയറുകൾ ഉപയോഗപ്രദമല്ലാതായതിനാലും നിരത്തിലിറക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന സർക്കാർ പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപക-രക്ഷാകർതൃ സമിതികൾക്ക് ഇതിലേക്ക് ആവശ്യമായ തുക കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ഇത്തരത്തിലുള്ള സ്കൂൾ ബസ്സുകൾ പ്രവർത്തന സജ്ജമാക്കുവാൻ വേണ്ട സഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ